## പതിനാലാം കേരള നിയമസഭ
## (FOURTEENTH KERALA LEGISLATIVE ASSEMBLY)

## സബ്ജക്ട് കമ്മിറ്റി IX
## (SUBJECT COMMITTEE IX)

## തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവന നിർമ്മാണവും

## (LOCAL ADMINISTRATION, RURAL DEVELOPMENT AND HOUSING)

# ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട്
(2018 -2019)

# THIRD REPORT ON THE SCRUTINY OF DEMANDS FOR GRANTS
**(2018 -2019)**

2018 ഫെബ്രുവരി 26-ാം തീയതി സമർപ്പിച്ചത്

(Presented on 26th February, 2018)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2018

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2018

# പതിനാലാം കേരള നിയമസഭ
(FOURTEENTH KERALA LEGISLATIVE ASSEMBLY)

## സബ്ജക്ട് കമ്മിറ്റി IX
## (SUBJECT COMMITTEE IX)

## തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവന നിർമ്മാണവും

## (LOCAL ADMINISTRATION, RURAL DEVELOPMENT AND HOUSING)

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച
മൂന്നാമത് റിപ്പോർട്ട്
(2018 -2019)

THIRD REPORT ON THE SCRUTINY OF
DEMANDS FOR GRANTS
(2018-2019)

249/2018.

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

# സബ്ജക്റ്റ് കമ്മിറ്റി IX
## (തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവന നിർമ്മാണവും)
## (2016 -2018)

### ഘടന

<u>ചെയർമാൻ</u> :

ഡോ. കെ. ടി. ജലീൽ,
തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും
വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി.

<u>എക്സ് - ഒഫീഷ്യോ അംഗം:</u>

ശ്രീ. ഇ. ചന്ദ്രശേഖരൻ,
റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി.

<u>അംഗങ്ങൾ:</u>

ശ്രീമതി പി. അയിഷാ പോറ്റി
ശ്രീ. മഞ്ഞളാംകുഴി അലി
ശ്രീ. അനിൽ അക്കര
ശ്രീ. കെ. ആൻസലൻ
ശ്രീ. കെ. ബാബു
ശ്രീ. കെ. എസ്. ശബരീനാഥൻ
ശ്രീ. പി. ഉബൈദുള്ള
ശ്രീ. പി. വി. അൻവർ
ശ്രീ. ഇ. കെ. വിജയൻ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. വി. കെ. ബാബുപ്രകാശ്, സെക്രട്ടറി
ശ്രീ. എ. ഷാജഹാൻ, ജോയിന്റ് സെക്രട്ടറി
ശ്രീ. രാജു. കെ. എ., ഡെപ്യൂട്ടി സെക്രട്ടറി
ശ്രീ. പി. വി. ചന്ദ്രദാസ്, അണ്ടർ സെക്രട്ടറി.

## അവതാരിക

2018-2019 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ പരിധിയിൽപ്പെടുന്ന ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച സമിതിയുടെ മൂന്നാമത് റിപ്പോർട്ട് സമിതിയുടെ ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

2018 ഫെബ്രുവരി 14, 15 തീയതികളിൽ സമിതി യോഗം ചേർന്ന് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലും മാർഗ്ഗനിർദ്ദേശകരേഖകളിലും വ്യവസ്ഥ ചെയ്തിട്ടുള്ള വിധം ചുവടെ ചേർത്ത ധനാഭ്യർത്ഥനകളിൽ ഉൾക്കൊള്ളുന്ന ചെലവിനങ്ങൾ പരിശോധിച്ചു:

| | | |
|---|---|---|
| ധനാഭ്യർത്ഥന നമ്പർ XXI | — | ഭവനനിർമ്മാണം |
| ധനാഭ്യർത്ഥന നമ്പർ XXII | — | നഗരവികസനം |
| ധനാഭ്യർത്ഥന നമ്പർ XXV | — | പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നോക്ക വിഭാഗങ്ങൾ/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം സംബന്ധിച്ച മൂലധന ചെലവ് |
| ധനാഭ്യർത്ഥന നമ്പർ XXVIII | — | പലവക സാമ്പത്തിക സർവ്വീസുകൾ |
| ധനാഭ്യർത്ഥന നമ്പർ XXXV | — | പഞ്ചായത്ത് |
| ധനാഭ്യർത്ഥന നമ്പർ XXXVI | — | ഗ്രാമവികസനം |
| ധനാഭ്യർത്ഥന നമ്പർ XLVI | — | സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും |

ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ലഭിച്ച കുറിപ്പുകൾ പരിശോധനാവേളയിൽ സമിതി പരിഗണിക്കുകയും ആവശ്യമായ ഘട്ടങ്ങളിൽ യോഗങ്ങളിൽ ഹാജരായ ഉദ്യോഗസ്ഥരിൽ നിന്നും കൂടുതൽ വിശദീകരണങ്ങൾ ആരായുകയും ചെയ്തു.

ഭരണഘടനാപരവും സാമ്പത്തികവുമായ പരിമിതികൾക്ക് വിധേയമായി സമിതി അതിന്റെ നിർദ്ദേശങ്ങൾക്കും ശിപാർശകൾക്കും രൂപം നൽകുകയും അവ റിപ്പോർട്ടിൽ ഉൾക്കൊള്ളിക്കുകയും ചെയ്തിരിക്കുന്നു.

2018 ഫെബ്രുവരി 20-ാം തീയതി ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

ഡോ. കെ. ടി. ജലീൽ,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി IX.*

തിരുവനന്തപുരം,
2018, ഫെബ്രുവരി 20.

# റിപ്പോർട്ട്

2016 ജൂലൈ 7-ാം തീയതിയിലെ 26-ാം നമ്പർ ബുള്ളറ്റിൻ (ഭാഗം 2) പ്രകാരം പതിനാലാം കേരള നിയമസഭയുടെ സബ്ജക്ട് കമ്മിറ്റികൾ രൂപീകരിക്കപ്പെട്ടു.

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235 (1) പ്രകാരം 2018-2019 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിൽ തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച IX-ാം സബ്ജക്ട് കമ്മിറ്റിയുടെ പരിധിയിൽ വരുന്ന ധനാഭ്യർത്ഥനകൾ 2018 ഫെബ്രുവരി 14, 15 തീയതികളിൽ യോഗംചേർന്ന് സമിതി പരിശോധിക്കുകയുണ്ടായി. സമിതിയുടെ സൂക്ഷ്മ പരിശോധനയുടെയും, ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ലഭിച്ച കുറിപ്പുകളുടെയും, ഉദ്യോഗസ്ഥരിൽനിന്നും ലഭിച്ച അധിക വിവരങ്ങളുടെയും അടിസ്ഥാനത്തിൽ സമിതി ധനാഭ്യർത്ഥനകൾ വിശകലനം ചെയ്യുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ ഓരോ ധനാഭ്യർത്ഥനയെ സംബന്ധിച്ചുമുള്ള സമിതിയുടെ നിർദ്ദേശങ്ങളും ശിപാർശകളും ചുവടെ ചേർക്കുന്നു:

## ധനാഭ്യർത്ഥന നമ്പർ XXI—ഭവന നിർമ്മാണം

വോട്ട് ചെയ്തത് - 1,94,80,27,000 രൂപ

ചാർജ്ജ് ചെയ്തത് - 2,01,000 രൂപ

2216-80-001-99-01-2—ഹൗസിംഗ് കമ്മീഷണർ

വിഹിതം : 50,43,000 രൂപ

1. ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്ന ഉദ്യോഗസ്ഥർക്ക് ക്ഷാമബത്ത കുടിശ്ശിക നൽകുന്നതിന് നിലവിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ താഴെപ്പറയും പ്രകാരമുള്ള തുക അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു:

01-2- ക്ഷാമബത്ത - 10,00,000 രൂപ

01-3- വീട്ടുവാടക അലവൻസ് - 50,000 രൂപ

02-1- വേതനം - 50,000 രൂപ

2. സ്പെഷ്യൽ റൂളിന്റെ അഭാവത്തിലും ജീവനക്കാരുടെ അപര്യാപ്തതമൂലവും അത്യാവശ്യ ഘട്ടങ്ങളിൽ ചില തസ്തികകളിൽ താത്കാലികാടിസ്ഥാനത്തിൽ നിയമനം നൽകേണ്ടി വരുന്നതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പ്രസ്തുത ആവശ്യത്തിലേക്കായി ന്യൂ സർവ്വീസ് പ്രൊസീജിയർ പ്രകാരം 5 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2216-80-103-99—സംസ്ഥാന ഹൗസിംഗ് ബോർഡ്

(01)-സഹായധനം

വിഹിതം : 95,17,000 രൂപ

3. ദുർബല വിഭാഗങ്ങൾക്കുള്ള പാർപ്പിട പദ്ധതി നടപ്പിലാക്കിയതിലുള്ള കമ്മി നികത്തുന്നതുൾപ്പെടെയുള്ള നടപടികൾക്ക് നിലവിലുള്ള ബഡ്ജററ് വിഹിതം അപര്യാപ്തമാകയാൽ ഈ ശീർഷകത്തിൽ 1 കോടി 4 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2216-80-103-99 (35)—ലക്ഷം വീട് ബമ്പർ ലോട്ടറി-തനത് വരുമാനം

വിഹിതം - 1,000 രൂപ

4. കൊല്ലം, എറണാകുളം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ ലക്ഷം വീട് കോളനികളിൽ അടിസ്ഥാന സൗകര്യ വികസനത്തിന് 616.06 ലക്ഷം രൂപ ചെലവ് വരുന്ന പ്രൊപ്പോസൽ സർക്കാരിന് സമർപ്പിച്ചിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി 6 കോടി 16 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2216-80-103-99(37)—ഗൃഹശ്രീ-സബ്സിഡി

വിഹിതം : 26,00,00,000 രൂപ (പദ്ധതി)

5. അപേക്ഷകർ ധാരാളമുള്ളതിനാൽ നിലവിലെ വിഹിതം പര്യാപ്തമല്ല. ആയതിനാൽ ഈ ശീർഷകത്തിൽ 74 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2216-80-103-99 (38)—ട്രെയിനിംഗ്

വിഹിതം : 40,00,000 രൂപ (പദ്ധതി)

6. ഓഫീസ് ആധുനികവൽക്കരണത്തിനും വീഡിയോ കോൺഫറൻസിംഗ് സൗകര്യം ഒരുക്കുന്നതിനും നിലവിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2216-05-053-98-17—സർക്കാർ ജീവനക്കാർക്കുള്ള ക്വാർട്ടേഴ്സ്

വിഹിതം : 2,00,00,000 രൂപ

7. നിലവിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 20 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2216-05-053-97(01)—സംരക്ഷണവും അറ്റകുറ്റപ്പണികളും

(02)-പ്രത്യേക അറ്റകുറ്റപ്പണികൾ

(03)- വൈദ്യുത സാമഗ്രികളുടെ സംരക്ഷണം

വിഹിതം : 26,20,00,000 രൂപ

8. പദ്ധതി നടത്തിപ്പിന് നിലവിലുള്ള വിഹിതം അപര്യാപ്തമായതിനാൽ മേൽശീർഷകത്തിൽ 3 കോടി 5 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2216-05-053-95—തിരുവനന്തപുരം നഗരത്തിലെ മന്ത്രിമാരുടെ ക്വാർട്ടേഴ്സിന്റെ സംരക്ഷണവും അറ്റകുറ്റപ്പണികളും

വിഹിതം : 2,28,00,000 രൂപ

9. മന്ത്രിമാരുടെ ക്വാർട്ടേഴ്സിന്റെ സംരക്ഷണത്തിനും അറ്റകുറ്റപ്പണികൾക്കുമായി പദ്ധതിയേതര ഇനത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ (01)-സാധാരണ അറ്റകുറ്റപ്പണികൾ, (02)- പ്രത്യേക അറ്റകുറ്റപ്പണികൾ, (03)-വൈദ്യുത സാമഗ്രികളുടെ സംരക്ഷണം എന്നീ ഇനങ്ങളിൽ ആകെ 50,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2216-05-052-96— ഭരണവും നടത്തിപ്പും 2059-പൊതുമരാമത്ത് എന്നതിൽ നിന്നും എസ്റ്റാബ്ലിഷ്മെന്റ് ചാർജ്ജുകൾക്ക് വേണ്ടി മാറ്റിയ വിഹിതം

വിഹിതം : 45,00,000 രൂപ

10. മറ്റ് ശീർഷകങ്ങൾക്ക് ആനുപാതികമായി ഷെയർ ഡെബിറ്റ് ശീർഷകത്തിൽ 4,68,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2216-05-001-99—ഭരണവും നടത്തിപ്പും 2059-പൊതുമരാമത്ത് എന്നതിൽനിന്നും എസ്റ്റാബ്ലിഷ്മെന്റ് ചാർജ്ജുകൾക്ക് വേണ്ടി മാറ്റിയ വിഹിതം

വിഹിതം : 6,45,00,000 രൂപ

11. മറ്റ് ശീർഷകങ്ങൾക്ക് ആനുപാതികമായി ഷെയർ ഡെബിറ്റ് ശീർഷകത്തിൽ 64,70,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2216-80-190-99 —ഭവനനിർമ്മാണം

12. ഉദ്യോഗസ്ഥർക്ക് ശമ്പളം, പേ-റിവിഷൻ അരിയർ, ആഡിറ്റ് ഫീസ് എന്നിവ നൽകുന്നതിന് ബഡ്ജറ്റിൽ വിഹിതമൊന്നും വകയിരുത്തിയിട്ടില്ല. ആയതിനാൽ മേൽ ശീർഷകത്തിൽ 25 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

13. പലിശ സബ്സിഡി നൽകുന്നതിനായി മേൽ ശീർഷകത്തിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ 52.65 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2225-02-283-89 —ജനറൽ ഹൗസിംഗ്

വിഹിതം : 127,00,00,000 രൂപ (പദ്ധതി)

14. 2018-19 സാമ്പത്തിക വർഷം 10000 പുതിയ വീടുകൾ നിലവിലുള്ള 3.5 ലക്ഷം രൂപ നിരക്കിൽ അനുവദിക്കുന്നതിന് മേൽ ശീർഷകത്തിൽ 350 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4216-01-106-99—ഭരണവും നടത്തിപ്പും 2059-പൊതുമരാമത്ത് എന്നതിൽ നിന്നും എസ്റ്റാബ്ലിഷ്മെന്റ് ചാർജ്ജുകൾക്ക് വേണ്ടി മാറ്റിയ വിഹിതം

വിഹിതം : 1,48,27,000 രൂപ (പദ്ധതി)

15. മറ്റ് ശീർഷകങ്ങൾക്ക് ആനുപാതികമായി ഷെയർ ഡെബിറ്റ് ശീർഷകത്തിൽ 4 കോടി 34 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4216-01-106-98-(02)—സർക്കാർ ജീവനക്കാർക്കുള്ള ക്വാർട്ടേഴ്സ്

വിഹിതം : 7,41,35,000 രൂപ (പദ്ധതി)

16. നിലവിലുള്ള പദ്ധതി വിഹിതം പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 14 കോടി 70 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4216-01-700-86—ജഡ്ജിമാർക്കുള്ള ക്വാർട്ടേഴ്സ് നിർമ്മാണം

വിഹിതം : 15,00,00,000 (പദ്ധതി)

17. ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 4 കോടി 59 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4216-80-195-99(05)—പ്രാഥമിക ഹൗസിംഗ് സഹകരണ സംഘങ്ങൾ-ഓഹരി മൂലധനം അംശദാനം

വിഹിതം : 50,00,000 രൂപ (പദ്ധതി)

18. പ്രാഥമിക ഹൗസിംഗ് സഹകരണ സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും ഓഹരി മൂലധനം അനുവദിച്ചുനൽകുന്നതിനും നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ മേൽ ശീർഷകത്തിൽ 4 കോടി 50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4216-80-195-99(06)—കേരള സംസ്ഥാന സഹകരണ ഭവന ഫെഡറേഷൻ

വിഹിതം : 5,61,00,000 രൂപ (പദ്ധതി)

19. കുറഞ്ഞ പലിശ നിരക്കിൽ വായ്പാ പ്രവർത്തന ഫണ്ട് സ്വരൂപിക്കുന്നതിന് നിലവിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 44,39,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4216-01-106-97—യന്ത്രോപകരണങ്ങൾ 2059 പൊതുമരാമത്ത് എന്നതിൽ നിന്നും പണിയായുധങ്ങൾക്കും യന്ത്രസാമഗ്രികൾക്കും വേണ്ടി മാറ്റിയ വിഹിതം

വിഹിതം : 10,38,000 രൂപ (പദ്ധതി)

20. ഷെയർ ഡെബിറ്റ് ട്രാൻസ്ഫറിന് മറ്റ് ശീർഷകങ്ങൾക്ക് ആനുപാതികമായി മേൽ ശീർഷകത്തിൽ 30,38,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XXII—നഗരവികസനം

വോട്ട് ചെയ്തത് - 26,01,86,48,000 രൂപ.

ചാർജ് ചെയ്തത് - ഇല്ല

2217-05-001-69—നഗരാസൂത്രണ വകുപ്പിന്റെ നവീകരണവും കമ്പ്യൂട്ടർവൽക്കരണവും

വിഹിതം : 100,00,000 രൂപ (പദ്ധതി)

21. നഗരാസൂത്രണ വകുപ്പിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനും വകുപ്പിലെ എല്ലാ കാര്യാലയങ്ങളും പേപ്പർരഹിതമാക്കുന്നതിനും സാങ്കേതിക ഉദ്യോഗസ്ഥർക്ക് സംസ്ഥാനത്തുടനീളം യാത്ര ചെയ്യുന്നതിന് ഓഫീസ് വാഹനം സജ്ജമാക്കുന്നതിനും നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലെന്ന് കാണുന്നു. ആയതിനാൽ മേൽ ശീർഷകത്തിൽ 10 കോടി 50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2217-05-001-68—മാനുഷിക അധിവാസത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട പ്രത്യേകതകളുടെ ഗവേഷണവും വികസനവും - ആസൂത്രണവും വികസനവും

വിഹിതം : 20,00,000 രൂപ

22. മുഖ്യമന്ത്രിയുടെ ഹൈ ഇംപാക്റ്റ് പ്രോജക്റ്റുകളിൽ ഉൾപ്പെട്ട പാർക്കിംഗ് പോളിസി തയ്യാറാക്കുന്നതിനുള്ള പഠനവും നെൽവയൽ തണ്ണീർത്തട സംരക്ഷണം/വികസനം എന്ന പഠനവും 2018-ഓടെ എല്ലാ കോർപ്പറേഷനുകളിലും പൂർത്തിയാക്കേണ്ടതിനാൽ നിലവിൽ അനുവദിച്ചിട്ടുള്ള ബജറ്റ് വിഹിതം അപര്യാപ്തമാണ്. ആയതിനാൽ മേൽ ശീർഷകത്തിൽ 2 കോടി 6 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2217-05-001-65—ജില്ലാ പ്ലാനിംഗ് യൂണിറ്റുകൾ

06-വാടക, കരം, നികുതി

വിഹിതം : 22,35,000 രൂപ

23. നഗര-ഗ്രാമാസൂത്രണ വകുപ്പിന്റെ കീഴിലുള്ള നാല് ജില്ലാ ഓഫീസുകൾ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നതിനാൽ വാടക കുടിശ്ശിക തീർക്കുന്നതിനായി മേൽ ശീർഷകത്തിൽ 9,70,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

21-1—വാഹനം വാങ്ങൽ

വിഹിതം : 1000 രൂപ

24. നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 60 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2217-05-001-64—വിശദമായ മാസ്റ്റർ പ്ലാനും ടൗൺ പ്ലാനും തയ്യാറാക്കുന്നതിനുള്ള പദ്ധതി

വിഹിതം : 2,30,00,000 രൂപ (പദ്ധതി)

25. മാസ്റ്റർ പ്ലാൻ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും പ്രോജക്ട് സെല്ലിന്റെ പ്രവർത്തനത്തിനുമായി നിലവിലെ ബജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 20 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

26. സംസ്ഥാനത്തെ 6 കോർപ്പറേഷനുകളിലെയും മാസ്റ്റർ പ്ലാൻ സമയബന്ധിതവും കുറ്റമറ്റ രീതിയിലും തയ്യാറാക്കുന്ന നടപടികൾ ഈ രംഗത്ത് വൈദഗ്ധ്യം നേടിയിട്ടുള്ള ദേശീയ/അന്തർദ്ദേശീയ ഏജൻസികൾക്ക് പുറംകരാർ നൽകുന്നതിന് നടപടി സ്വീകരിക്കണമെന്നും പ്രാരംഭമെന്ന നിലയിൽ ഈ പദ്ധതിക്ക് 6 കോടി രൂപ വകയിരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

2217-05-001-99—മുഖ്യനഗരാസൂത്രകന്റെ ഓഫീസ്

വിഹിതം - 5,12,18,000 രൂപ

21-2-മോട്ടോർ വാഹന സംരക്ഷണവും അറ്റകുറ്റപ്പണികളും

വിഹിതം : 35,000 രൂപ

27. മുഖ്യനഗരാസൂത്രകന്റെയും വിജിലൻസിന്റേയും ഓഫീസിലെ മൂന്ന് വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾക്കായി അനുവദിച്ച ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 21-2-മോട്ടോർ വാഹനങ്ങൾ-സംരക്ഷണവും അറ്റകുറ്റപ്പണികളും എന്ന ഇനത്തിൽ 50,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

45—പി. ഒ. എൽ.

വിഹിതം : 15,000 രൂപ

28. 45—പി.ഒ.എൽ. എന്ന ഇനത്തിൽ അനുവദിച്ച ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 50,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2217-05-800-91—ഭൂമിശാസ്ത്ര വിവര സംവിധാനവും വാനഭ്രപട നിർമ്മാണവും

വിഹിതം : 15,00,000 രൂപ (പദ്ധതി)

29. നഗര-ഗ്രാമാസൂത്രണ വകുപ്പിലെ ജി.ഐ.എസ്. സംവിധാനം ശക്തിപ്പെടുത്തുക, ജീവനക്കാർക്ക് ജി.ഐ.എസ്.-ൽ പരിശീലനം നൽകുക, ആവശ്യമായ സോഫ്റ്റ്വെയർ/ഹാർഡ്‌വെയർ അനുബന്ധ ഉപകരണങ്ങൾ എന്നിവ വാങ്ങുക, പൊതുജനങ്ങൾക്ക് അംഗീകൃത/പ്രസിദ്ധീകൃത മാസ്റ്റർ പ്ലാനുകളുടെയും വിശദ നഗരാസൂത്രണ പദ്ധതികളുടെയും വ്യവസ്ഥകൾ വീക്ഷിക്കുന്നതിനും അന്വേഷണങ്ങൾ നടത്തുന്നതിനുമായി വെബ് അധിഷ്ഠിത ജി.ഐ.എസ്. തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തുന്നതിനും നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ല. ആയതിനാൽ മേൽ ശീർഷകത്തിൽ 5 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2217-05-191-74 —പ്രധാനമന്ത്രി ആവാസ് യോജന-കേന്ദ്രാവിഷ്കൃത പദ്ധതി

വിഹിതം : 250,00,00,000 രൂപ (പദ്ധതി)

30. നിലവിലുള്ള പദ്ധതികൾ പൂർത്തീകരിക്കുന്നതിനായി മേൽ ശീർഷകത്തിൽ 160 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2217-05-192-72—പ്രധാനമന്ത്രി ആവാസ് യോജന-കേന്ദ്രാവിഷ്കൃത പദ്ധതി

വിഹിതം : 1000,00,00,000 രൂപ (പദ്ധതി)

31. പദ്ധതി പൂർത്തീകരണത്തിന് നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ മേൽ ശീർഷകത്തിൽ 640 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2217-05-051-99—ലൈഫ് പാർപ്പിട മിഷൻ (അർബൻ)

വിഹിതം : ഇല്ല (പദ്ധതി)

32. ഭൂമിയില്ലാത്ത ഭവനരഹിതർക്കായി എല്ലാ ജില്ലകളിലും ഭവന സമുച്ചയങ്ങൾ നിർമ്മിക്കുന്നതിന് ലൈഫ് മിഷൻ തയ്യാറാക്കിയ പദ്ധതിക്ക് ബഡ്ജറ്റിൽ വിഹിതമൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ ഈ ശീർഷകത്തിൽ 207 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

33. നഗരസഭകളുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ ഏറ്റെടുക്കുന്നതിന് ഇംപാക്ട് കേരള ലിമിറ്റഡ് എന്ന കമ്പനിക്ക് പ്രാരംഭ പ്രവർത്തനങ്ങൾക്കായി ന്യൂ സർവ്വീസ് പ്രൊസീജിയർ പ്രകാരം 10 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

34. നഗരസഭാ ദിനാഘോഷത്തിന്റെ ഭാഗമായി മികച്ച നഗരസഭകളെ തെരഞ്ഞെടുത്ത് സമ്മാനം നൽകുന്നതിനും മുൻവർഷത്തെ സമ്മാന തുകകൾ നൽകുന്നതിനുമായി ന്യൂ സർവ്വീസ് പ്രൊസീജിയർ പ്രകാരം 1 കോടി 50 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

35. നഗരകാര്യ ഡയറക്ടറേറ്റിൽ 2 ജോയിന്റ് ഡയറക്ടർമാർക്കും ഫിനാൻസ് ഓഫീസർ എന്നിവർക്കുമായി ഒരു കാർ മാത്രമാണുള്ളതെന്നും ആയതിന് 10 വർഷത്തെ പഴക്കമുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഒരു പുതിയ വാഹനം വാങ്ങേണ്ടതിലേക്ക് ന്യൂ സർവ്വീസ് പ്രൊസീജിയർ പ്രകാരം 30 ലക്ഷം രൂപ അനുവദിക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

2217-80-800-92—അടിസ്ഥാന സൗകര്യ വികസന സെൽ

വിഹിതം : ഇല്ല (പദ്ധതി)

36. നഗരകാര്യ ഡയറക്ടറേറ്റിലെ ഫെയർകോപ്പി സെക്ഷൻ ഫർണിഷ് ചെയ്യുന്നതിന് നിലവിൽ ബഡ്ജറ്റ് വിഹിതമൊന്നും അനുവദിച്ചിട്ടില്ല. ആയതിനാൽ മേൽ ശീർഷകത്തിൽ 10 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2217-05-192-77—ശബരിമല തീർത്ഥാടനത്തിനുള്ള പ്രത്യേക ഗ്രാന്റ്

വിഹിതം : 100,00,000 രൂപ

37. ശബരിമല തീർത്ഥാടനകാലത്ത് തിരക്കേറുന്ന പന്തളം ഉൾപ്പെടെയുള്ള നഗരങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് ബജറ്റിൽ വകയിരുത്തിയ വിഹിതം അപര്യാപ്തമാണെന്ന് സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 20 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2217-80-001-91—മുനിസിപ്പൽ കോമൺ സർവ്വീസ് സെൻട്രൽ പെൻഷൻ ഫണ്ടിലേക്കുള്ള സംഭാവന

വിഹിതം : ഇല്ല

38. നഗരസഭകളിൽ നിന്ന് വിരമിച്ചവർക്ക് പെൻഷൻ നൽകുന്ന ഇനത്തിൽ 250 കോടി രൂപയുടെ ബാധ്യതയുള്ളതായിട്ടും എന്നാൽ ആയതിന് ബഡ്ജറ്റിൽ വിഹിതമൊന്നും വകയിരുത്തിയിട്ടില്ലെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ മേൽ ശീർഷകത്തിൽ 100 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### ധനാഭ്യർത്ഥന നമ്പർ XXV—പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നോക്ക വിഭാഗങ്ങൾ/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം

വോട്ട് ചെയ്തത് - 32,34,21,71,000 രൂപ

ചാർജ് ചെയ്തത് - ഇല്ല.

2225-04-102-91-31—കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ

വിഹിതം : 1,65,23,000 രൂപ

39. ഡി.എ. വർദ്ധനവ്, വാർഷിക ശമ്പള വർദ്ധനവ്, ടി.എ./ഡി.എ. ഇനത്തിലുള്ള ചെലവ് എന്നിവ വഹിക്കുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 48,88,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2225-04-102-91-36 —ഗ്രാന്റ്-ഇൻ-എയ്ഡ്-ജനറൽ-ശമ്പളേതരം

വിഹിതം : 27,95,000 രൂപ

40. ജില്ലാ കോൺഫറൻസുകൾ, സെമിനാറുകൾ, സിറ്റിംഗുകൾ, ഗവേഷണങ്ങൾ എന്നിവ നടത്തുന്നതിനും, മെമ്പർമാർക്കുള്ള ഇന്ധന അലവൻസ്, ഓഫീസ് കെട്ടിട വാടക തുടങ്ങിയ ചെലവുകൾ വഹിക്കുന്നതിനും നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 83,65,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2225-04-001-99-02 —വേതനം

വിഹിതം : 5,28,000 രൂപ

41. ഡയറക്ടറേറ്റിലെയും 17 കോച്ചിംഗ് സെന്ററുകളിലെയും 81 ജീവനക്കാർക്ക് ശമ്പളം നൽകുന്നതിനായി "2225-04-001-99-02-04" കൺസോളിഡേറ്റഡ് പേ എന്ന ശീർഷകത്തിൽ 2 കോടി 53 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2225-04-001-99-06—വാടക, കരം, നികുതി

വിഹിതം : 12,00,000 രൂപ

42. ന്യൂനപക്ഷ യുവജനതയ്ക്കായുള്ള പരിശീലന കേന്ദ്രങ്ങൾ വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നു. പരിശീലന കേന്ദ്രങ്ങളുടെ വാടക കുടിശ്ശിക നൽകുന്നതിനായി മേൽ ശീർഷകത്തിൽ 32 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2225-04-001-99-17 —ചെറുകിട മരാമത്ത് പണികൾ

വിഹിതം : 1,000 രൂപ

43. ഡയറക്ടറേറ്റിന്റെയും, മദ്രസ്സാ ക്ഷേമനിധി ഓഫീസിന്റേയും, വകുപ്പിന്റെ കീഴിലുള്ള മറ്റ് കെട്ടിടങ്ങളുടെയും അറ്റകുറ്റപ്പണികൾക്കായി മേൽ ശീർഷകത്തിൽ 50,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2225-04-001-99-18 —സംരക്ഷണം

വിഹിതം - 1,000 രൂപ

44. ഡയറക്ടറേറ്റിന്റെയും മദ്രസ്സാ ക്ഷേമനിധി ഓഫീസിന്റേയും വകുപ്പിന്റെ കീഴിലുള്ള മറ്റ് കെട്ടിടങ്ങളുടെയും അറ്റകുറ്റപ്പണികൾക്കായി മേൽ ശീർഷകത്തിൽ 10,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2225-04-001-99-21-2 —സംരക്ഷണവും അറ്റകുറ്റപ്പണികളും

വിഹിതം : 29,000 രൂപ

45. ഔദ്യോഗിക വാഹനം സർവ്വീസ് ചെയ്യു തുക നൽകുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിൽ 51,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2225-04-001-99

99 — വിവരസാങ്കേതികവിദ്യ

വിഹിതം : 50,000 രൂപ

46. വകുപ്പിന്റെ വിവരസാങ്കേതിക അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിന് മേൽ ശീർഷകത്തിൽ 50,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2225-04-102-92-34 —മറ്റ് ചെലവുകൾ

വിഹിതം : 1,92,00,000 രൂപ

47. 16 സെന്ററുകളിലെയും 20 സബ്സെന്ററുകളിലെയും ചെലവുകൾ, ഉദ്ദ സ്കോളർഷിപ്പ്, ഫ്രീ റിക്രൂട്ട്മെന്റ് ട്രെയിനിംഗ് എന്നിവയ്ക്ക് ചെലവാകുന്ന തുക മേൽ ശീർഷകത്തിൽ നിന്നാണ് വഹിക്കുന്നതെന്നും കൂടാതെ പുതുതായി ഒരു സെന്ററും 2 സബ്സെന്ററും കൂടി അനുവദിച്ചിട്ടുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പ്രസ്തുത ചെലവുകൾ വഹിക്കുന്നതിലേക്കായി മേൽ ശീർഷകത്തിൽ 28,80,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XXXV—പഞ്ചായത്ത്

വോട്ട് ചെയ്യുന്നത് - 12,79,40,05,000 രൂപ

ചാർജ്ജ് ചെയ്യുന്നത് - ഇല്ല

2515-00-101-63—തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ട്രിബ്യൂണൽ

വിഹിതം : 1,01,11,000 രൂപ

48. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ട്രിബ്യൂണലിന്റെ പ്രവർത്തനങ്ങൾക്ക് നിലവിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ താഴെപ്പറയും പ്രകാരമുള്ള തുക അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു:

01-4—മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് 25,000 രൂപ

02-5—ദിവസ വേതനം 37,000 രൂപ

04-1—യാത്രാബത്ത 50,000 രൂപ

04-4—അവധി യാത്രാനുകൂല്യം 2,50,000 രൂപ

05-3—ടെലഫോൺ ചാർജ്ജസ് 24,000 രൂപ

05-4—മറ്റിനങ്ങൾ 41,000 രൂപ

21-2—സംരക്ഷണവും അറ്റകുറ്റപ്പണികളും 10,000 രൂപ

45—പി.ഒ.എൽ. 36,000 രൂപ

99—വിവരസാങ്കേതികവിദ്യ 5,85,000 രൂപ

2515-00-102-32—മാനവശേഷി വികസന കേന്ദ്രം (KILA-CHRD)കേന്ദ്രാവിഷ്കൃത പദ്ധതി

കേന്ദ്ര വിഹിതം : 1,45,00,000 രൂപ (പദ്ധതി)

സംസ്ഥാന വിഹിതം : 1,45,00,000 രൂപ (പദ്ധതി)

49. കേന്ദ്ര സർക്കാരിന്റെ പുതിയ മാർഗ്ഗരേഖ പ്രകാരം ധനസഹായ തുക ഒരു വർഷത്തേക്ക് പരമാവധി 25 ലക്ഷം ആയി പരിമിതപ്പെടുത്തിയിരിക്കുന്നതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ സംസ്ഥാന സർക്കാരിന്റെ വിഹിതമായി മേൽ ശീർഷകത്തിൽ 1 കോടി 20 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XXXVI—ഗ്രാമവികസനം

വോട്ട് ചെയ്യുന്നത് - 38,70,95,93,000 രൂപ.

ചാർജ് ചെയ്യുന്നത് - 12,000 രൂപ.

4515-00-103-98—മൂവാറ്റുപുഴ ഗവൺമെന്റ് ട്രാൻസ്പോർട്ട് ആന്റ് എക്യുപ്മെന്റ് ഓർഗനൈസേഷന് പുതിയ കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള സഹായം

വിഹിതം : 1,000 രൂപ

50. കെട്ടിടത്തിന്റെ ഭരണാനുമതി തുക 41,54,000 രൂപയാണെന്നും അതിനാൽ 8,31,000 രൂപയുടെ പാർട്ട് ബിൽ തുക നൽകിയിട്ടുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. കെട്ടിടം പണി നടപ്പ് സാമ്പത്തിക വർഷം പൂർത്തിയാക്കണമെന്നതിനാൽ ശേഷിക്കുന്ന 33,22,000 രൂപ മേൽ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2501-01-196-48—കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള ബ്ലോക്ക് ഗ്രാന്റ്

വിഹിതം: 6,00,00,000 രൂപ (കേന്ദ്ര വിഹിതം )

സംസ്ഥാന വിഹിതം : 4,00,00,000 രൂപ

51. ദാരിദ്ര്യ ലഘൂകരണ യൂണിറ്റിലെ ഉദ്യോഗസ്ഥരുടെ ശമ്പളവും കണ്ടിജൻസി ചെലവുകളും വഹിക്കുന്നതിന് സംസ്ഥാന വിഹിതമായി 4 കോടി രൂപയും കേന്ദ്ര വിഹിതമായി 6 കോടി രൂപയും അധികമായി അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2515-102-34—ലൈഫ് പാർപ്പിട മിഷൻ (റൂറൽ) (പദ്ധതി)

വിഹിതം : ഇല്ല

52. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നിർമ്മിക്കുന്ന വ്യക്തിഗത ഭവനങ്ങൾക്ക് സർക്കാർ വിഹിതം നൽകുന്നതിനും ലൈഫ് മിഷന്റെ ഭരണനിർവ്വഹണ ചെലവുകൾക്കുമായി മേൽ ശീർഷകത്തിൽ 293 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XLVI—സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും

വോട്ട് ചെയ്തത് - 46,76,60,96,000 രൂപ.

ചാർജ് ചെയ്തത് - ഇല്ല

2235-02-50-92—ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള പ്രത്യേക പെൻഷൻ പദ്ധതി

വിഹിതം : 444,09,00,000 രൂപ

53. ക്ഷേമ പെൻഷൻ നിരക്ക് 1100 രൂപയായി വർദ്ധിപ്പിച്ചതിനാലും ഗുണഭോക്താക്കളുടെ എണ്ണത്തിലുണ്ടാകുന്ന വർദ്ധനവും കാരണം നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിൽ 75 കോടി 10 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2235-03-48-99—ദേശീയ വാർദ്ധക്യകാല പെൻഷൻ പദ്ധതി

വിഹിതം : 150,03,00,000 രൂപ (പദ്ധതി)

54. ദേശീയ വാർദ്ധക്യകാല പെൻഷൻ നിരക്ക് 1,100 രൂപയായി വർദ്ധിപ്പിച്ചതിനാലും ഗുണഭോക്താക്കളുടെ എണ്ണത്തിലുണ്ടാകുന്ന വർദ്ധനവും 75 വയസ്സിനുമേൽ പ്രായമുള്ള ഗുണഭോക്താക്കൾക്ക് പെൻഷൻ 1,500 രൂപയായി വർദ്ധിപ്പിച്ചതും കാരണം നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിൽ 3279 കോടി 52 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2235-60-50-99 —അഗതികൾക്കുള്ള പെൻഷൻ

വിഹിതം : 1337,48,00,000 രൂപ

55. അഗതികൾക്കുള്ള ക്ഷേമ പെൻഷൻ നിരക്ക് 1,100 രൂപയായി വർദ്ധിപ്പിച്ചതിനാലും പെൻഷൻഗുണഭോക്താക്കളുടെ എണ്ണത്തിലുണ്ടാകുന്ന വർദ്ധനവും കാരണം നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിൽ 444 കോടി 29 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2235-60-50-98 —കർഷക തൊഴിലാളി പെൻഷൻ

വിഹിതം : 608,61,00,000 രൂപ

56. കർഷക തൊഴിലാളി ക്ഷേമപെൻഷൻ നിരക്ക് 1,100 രൂപയായി വർദ്ധിപ്പിച്ചതിനാലും ഗുണഭോക്താക്കളുടെ എണ്ണത്തിലുണ്ടാകുന്ന വർദ്ധനവും കാരണം നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിൽ 88 കോടി 25 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2235-60-50-96—<u>സാമൂഹ്യസുരക്ഷിതത്വ പദ്ധതിയനുസരിച്ച് 50 വയസിനുമേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ പദ്ധതി</u>

വിഹിതം : 102,98,00,000 രൂപ

57. ക്ഷേമപെൻഷൻ നിരക്ക് 1,100 രൂപയായി വർദ്ധിപ്പിച്ചതിനാലും ഗുണഭോക്താക്കളുടെ എണ്ണത്തിലുണ്ടാകുന്ന വർദ്ധനവും കാരണം നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ <u>ഈ ശീർഷകത്തിൽ 8 കോടി 30 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

ഡോ. കെ. ടി. ജലീൽ,<br>
*ചെയർമാൻ*<br>
*സബ്ജക്ട് കമ്മിറ്റി IX.*

തിരുവനന്തപുരം,<br>
2018, ഫെബ്രുവരി 20.

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2018

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.